ശീർഷകത്തിൽ വർഗ്ഗീകരിക്കാൻ സാധിക്കുന്നത്. ആയതിനാലാണ് 'ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ' (അനുബന്ധം II വാല്യം II) എന്ന പുസ്തകത്തിൽ, പ്രവൃത്തികൾക്ക് ശീർഷകം രേഖപ്പെടുത്തുവാൻ സാധിക്കാത്തത്. അനുയോജ്യമായ ശീർഷകത്തിന്റെ അഭാവംകൊണ്ടുമാത്രം പ്രവൃത്തികളിൽ തീരുമാനം ഉണ്ടാകാതെ കിടക്കുന്ന ഫയലുകളൊന്നും ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

126(529) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ഇളവുകളാണ് ഇക്കാര്യത്തിൽ കൊണ്ടുവന്നതെന്നും അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി വരുത്തിയ ഇളവുകൾമൂലം സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് അർഹത നേടിയവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന പിൻവലിച്ചുകൊണ്ടും 2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപാ നിരക്കിലും ലഭിക്കുന്നതാണെന്നും സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എം.എസ്) നമ്പർ 93/2019/ധന തീയതി 21-2-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് അർഹതയുണ്ടെന്നും ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമത്തൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടെന്നും 6-7-2018-ലെ സ.ഉ.(എം.എസ്.)241/2018/ധന, 16-2-2019-ലെ സ.ഉ.(എം.എസ്)90/2019/ധന എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് ഇത്തരത്തിൽ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly